# റിപ്പോർട്ട്

# വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023

വേൾഡ് കോഫി കോൺഫറൻസിന്റെ (WCC) അഞ്ചാമത് എഡിഷന് ആതിഥ്യമരുളി ഇന്ത്യ. രാജ്യത്തിന്റെ അദ്ധ്യക്ഷതയിലുള്ള ജി20 യുമായി ബന്ധപ്പെട്ടായിരുന്നു വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023 ബാംഗ്ലൂരിൽ സംഘടിപ്പിച്ചത്. ഇന്ത്യൻ കോഫിക്ക് അന്തർദേശീയ തലത്തിൽ മികച്ച നേട്ടമുണ്ടാക്കാൻ സഹായിക്കുന്നതായിരുന്നു 2023 സെപ്റ്റംബർ 25 മുതൽ സെപ്റ്റംബർ 28 വരെ ബാംഗ്ലൂർ പാലസിൽ സംഘടിപ്പിച്ച സമ്മേളനം.




ഇന്റർനാഷണൽ കോഫി ഓർഗനൈസേഷന്റെ (ഐസിഒ) 75 അംഗരാജ്യങ്ങളും കാപ്പി കർഷകരും സർക്കാർ, സ്വകാര്യ മേഖല, വികസന പങ്കാളികൾ, സിവിൽ സൊസൈറ്റി, അക്കാദമിക് പ്രതിനിധികൾ എന്നിവരുൾപ്പെടെ പങ്കെടുത്ത സമ്മേളനത്തിന്റെ ഉദ്ഘാടനം ബഹു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ശ്രീ. പിയൂഷ് ഗോയൽ ആയിരുന്നു നിർവഹിച്ചത്. കാപ്പിക്കുരു കൃഷി മുതൽ വാണിജ്യാവസരങ്ങൾ ഒരുക്കുന്നത് വരെ സുസ്ഥിരമായ കാപ്പി വ്യവസായം കെട്ടിപ്പടുക്കുന്നതിനുള്ള ചർച്ചകൾക്കും സംവാദങ്ങൾക്കും സഹകരണ നയരൂപീകരണങ്ങൾക്കുമുള്ള ഒരു വലിയ വേദി കൂടിയായിരുന്നു WCC സമ്മേളനം. 'മുഴുനീള സമ്പദ്‌വ്യവസ്ഥയിലൂടെയും പുനരുൽപ്പാദന കൃഷിയിലൂടെയും സുസ്ഥിരത' എന്നതായിരുന്നു നാല് ദിവസങ്ങളിലായി നീണ്ടുനിന്ന

സമ്മേളനത്തിന്റെ അടിസ്ഥാന വിഷയം. ഇതിൽ 3 ദിവസങ്ങളിലായി കോൺഫറൻസ്, B2B എക്സിബിഷനുകൾ , നൈപുണ്യ വികസന ശിൽപശാലകൾ, ഗ്ലോബൽ സിഇഒ കോൺക്ലേവ്, നെറ്റ്‌വർക്കിംഗ് ഇവന്റുകൾ എന്നിവയും സംഘടിപ്പിച്ചിരുന്നു.

## കരുത്തുകാട്ടി കേരളം

വേൾഡ് കോഫി കോൺഫറൻസ് & എക്സ്പോ 2023-ൽ കേരള പവലിയന്റെ ഉദ്ഘാടനം സംസ്ഥാന വ്യവസായ വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ബഹു. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി ശ്രീ. പിയൂഷ് ഗോയൽ നിർവഹിച്ചു. വയനാടൻ റോബസ്റ്റ കോഫിയെ മാർക്കറ്റ് ചെയ്യുകയെന്ന ലക്ഷ്യവുമായി കേരള പവലിയനിൽ സന്ദർശകർക്കായി ഒരുക്കിയ ലൈവ് കോഫി കൗണ്ടർ ആരാധകരെയും അനുമോദനങ്ങളെയും നേടിയെടുത്തു. കേരളത്തിന്റെ പരമ്പരാഗത വാസ്തുശിൽപചാതുരി പ്രദർശിപ്പിക്കുന്ന പവലിയൻ കാണികളുടെ ഇഷ്ട കേന്ദ്രമായി മാറിയിരുന്നു. കേരളത്തനിമ വിളിച്ചോതുന്ന കഥകളി പ്രതിമയാണ് പവലിയനിലേക്ക് സന്ദർശകരെ സ്വീകരിച്ചത്. കാപ്പി മേഖലയുമായി ബന്ധപ്പെട്ട തിരഞ്ഞെടുക്കപ്പെട്ട സ്റ്റാർട്ടപ്പുകൾ ഉൾപ്പെടെ 14 സംരംഭക-വ്യക്തിഗത യൂണിറ്റുകളും വേൾഡ് കോഫി കോൺഫറൻസിൽ കേരളത്തെ പ്രതിനിധീകരിച്ചു സാന്നിധ്യം അറിയിച്ചിരുന്നു. കേരള വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള കേരള പ്ലാന്റേഷൻ ഡയറക്ടറേറ്റ് ആണ് കേരള പവലിയൻ ഒരുക്കിയത്. കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രമോഷനാണ് തീം പവലിയന്റെ നിർമാണ പ്രവർത്തങ്ങൾക്ക് ചുക്കാൻ പിടിച്ചത്.







ഭൗമസൂചിക പട്ടികയിൽ (Geographical Indication) ഇടം പിടിച്ച, രാജ്യാന്തര വിപണിയിലും ആഭ്യന്തര വിപണിയിലും ആവശ്യക്കാരേറെയുള്ള വയനാടൻ റോബസ്റ്റ കോഫി തന്നെയായിരുന്നു സമ്മേളനത്തിൽ കേരളത്തിന്റെ മുഖമുദ്ര. കാപ്പി വ്യവസായത്തിലെ നൂതനസാധ്യതകൾ അറിയുന്നതിനും അവ പ്രായോഗിക തലത്തിൽ പ്രവർത്തികമാക്കുന്നതിനുമായി വയനാട്ടിലെ വയനാട് കോഫി ഗ്രോവേഴ്സ്

അസോസിയേഷൻ അംഗങ്ങളായ 200 ഓളം കാപ്പിക്കർഷകരും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. സമ്മേളനത്തോടനുബന്ധിച്ച് പ്രമുഖർ നയിച്ച ക്ലാസുകൾ കാപ്പി വ്യവസായത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ചകൾ ഇവർക്കു സമ്മാനിച്ചു. കാലാവസ്ഥാ വ്യതിയാനം മൂലമുള്ള വെല്ലുവിളി തരണം ചെയ്യുന്നത് മനസ്സിലാക്കുന്നതിനൊപ്പം കാപ്പി വിപണിയെക്കുറിച്ചും മൂല്യവർധിത ഉത്പന്നങ്ങളെക്കുറിച്ചും മറ്റു രാജ്യങ്ങളുടെ കാപ്പി സംസ്കാരത്തെക്കുറിച്ചുമെല്ലാം അറിയാനുള്ള അവസരവും ഇതിലൂടെ ഇവർക്ക് ലഭ്യമായി.




കോഫി സ്റ്റാർട്ടപ്പുകൾ, കോഫി റോസ്റ്ററുകൾ, സ്പെഷ്യാലിറ്റി കോഫി ഗ്രോവേഴ്സ്, ചെറുകിട കർഷകർ എന്നിവരുടെ മികച്ച ഉൽപന്നങ്ങളുമായി സംരംഭക/കർഷക പ്രതിനിധികളും ഉടമകളും സമ്മേളനത്തിൽ തങ്ങളുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. സംരംഭകർ, റീട്ടെയിലർമാർ, കഫേ-ബിസിനസ് ഉടമകൾ, നിക്ഷേപ അവസരങ്ങൾക്കായി തിരയുന്ന ബിസിനസ്സ് നേതാക്കൾ എന്നിവർക്ക് ഭാവി നിക്ഷേപമായി WCC 2023 മികച്ച അവസരങ്ങളായിരുന്നു ഒരുക്കി നൽകിയത്. 80-ലധികം രാജ്യങ്ങളിൽ നിന്നുള്ള 2000 പ്രതിനിധികളുടെ സാന്നിധ്യത്തിനും 10000 ത്തിലധികം സന്ദർശകർക്കും വേൾഡ് കോഫി കോൺഫറൻസ് സാക്ഷ്യം വഹിച്ചു.